## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – T 1943 13.06.2019-ൽ മറുപടിയ്ക്ക്

### പ്രവാസി ലാഭവിഹിത പദ്ധതി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | അഞ്ച് ലക്ഷം രൂപ നിക്ഷേപിച്ചാൽ ആജീവനാന്തം പ്രതിമാസം 5500/- രൂപ വരെ പെൻഷൻ ലഭിക്കുന്ന പ്രവാസി ലാഭവിഹിത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | എ), ബി) & സി) | പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുന്ന രീതിയിൽ പ്രവാസികൾക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന തരത്തിൽ നിക്ഷേപാധിഷ്ഠിത പ്രതിമാസ വരുമാന പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി'ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. വിദേശത്തുള്ളവരും തിരിച്ച് വന്നവരും കേരളത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുമായ പ്രവാസികളുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി സർവ്വതോന്മുഖമായ പുരോഗതി നേടുന്നതോടൊപ്പം പ്രവാസികൾക്ക് ഒരു സ്ഥിര വരുമാനം ലഭിക്കുന്ന സുരക്ഷിതമായ ഒരു നിക്ഷേപ പദ്ധതിയായിട്ടാണ് പ്രവാസി ഡിവിഡന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവാസി ഡിവിഡന്റ് പദ്ധതി നടത്തിപ്പിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കിഫ്ബി മുഖാന്തിരം |
| ബി) | ഇപ്രകാരം സമാഹരിക്കുന്ന തുക കിഫ്ബിയിൽ നിക്ഷേപിക്കുവാനാണോ ഉദ്ദേശിക്കുന്നത് ; ആണെങ്കിൽ ഈ പദ്ധതിയിലൂടെ എത്ര തുക കിഫ്ബിയിലേക്ക് നിക്ഷേപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | | |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി വഴിയാണെന്നും പ്രവാസികൾ ഇപ്രകാരം നിക്ഷേപിക്കുന്ന തുകയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുമോ എന്നും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കു ന്നത്. ഇത് സംബന്ധിച്ച വിശദമായ സ്കീം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ